**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6062** **09-11-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ദാസനക്കര മുതൽ പാതിരിയമ്പം വരെ ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സൗത്ത് വയനാട് ഡിവിഷനുകീഴിൽ ദാസനക്കര മുതൽ പാതിരിയമ്പം വരെ ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവർത്തിയുടെ അടങ്കൽ അംഗീകരിക്കുകയും കരാറിൽ ഏർപ്പെട്ട് പ്രാരംഭ പ്രവർത്തികളുടെ ഭാഗമായി എർത്ത് വർക്കുകളും, ലവലിംഗും, അടിക്കാട് വെട്ട് പ്രവർത്തികളും നടത്തിയിട്ടുണ്ട്. |
| (ബി) | പദ്ധതി ആരംഭിച്ചതിന് ശേഷം എസ്റ്റിമേറ്റിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവർത്തികൾ നടത്തിയതിനു ശേഷം തുടർ പ്രവർത്തികൾ ആരംഭിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പ്രസ്തുത സ്ഥലവും രൂപരേഖയും പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ടി സ്ഥലത്ത് ജലാംശം കൂടുതലായി കാണപ്പെടുന്നതിനാൽ തുടർ പ്രവർത്തികൾ ഭൂപ്രകൃതിക്ക് അനുയോജ്യമായിരിക്കില്ലായെന്ന് വിലയിരുത്തുകയും ചെയ്തിരുന്നു. തുടർന്ന് ഇക്കാര്യം NIT കോഴിക്കോടിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അവർ സ്ഥലപരിശോധനയും മണ്ണ് പരിശോധനയും നടത്തുകയും, കൂടാതെ ടി പ്രവർത്തിയുടെ കൺസൾട്ടന്റ് ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹായവും ഇക്കാര്യത്തിൽ തേടിയിരുന്നു. ഈ രണ്ട് ഏജൻസികളും പ്രസ്തുത പ്രവർത്തിക്കായി വിഭാവനം ചെയ്ത രൂപരേഖ കാലാവസ്ഥാ വ്യതിയാനം മൂലം മാറി വരുന്ന മഴയുടെ സാഹചര്യം കണക്കിലെടുത്ത് മാറ്റം വരുത്തി കൂടുതൽ അനുയോജ്യമാക്കി ഡിസൈനിലും എസ്റ്റിമേറ്റിലും ആവശ്യമായ മാറ്റം വരുത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റും രൂപരേഖയും NIT കോഴിക്കോട് നൽകിയെങ്കിലും ആയത് പരിശോധിച്ചതിൽ മുൻ |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് തുകയെക്കാൾ നിലവിൽ ലഭിച്ചിരിക്കുന്ന എസ്റ്റിമേറ്റ് തുക ഇരട്ടിയോളം ആയതിനാൽ ചെലവ് ചുരുക്കി ഫലവത്തായ മറ്റൊരു ഡിസൈൻ നൽകണമെന്ന്കോഴിക്കോട് NITയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പ്രവർത്തിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന കാര്യത്തിൽ വ്യക്തത വരികയുള്ളു. |
| (സി) | ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളും നിലവിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവർത്തികൾ നടത്തിയതിനു ശേഷം തുടർ പ്രവർത്തികൾ ആരംഭിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പ്രസ്തുത സ്ഥലവും രൂപരേഖയും പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ടി സ്ഥലത്ത് ജലാംശം കൂടുതലായി കാണപ്പെടുന്നതിനാൽ തുടർ പ്രവർത്തികൾ ഭൂപ്രകൃതിക്ക് അനുയോജ്യമായിരിക്കില്ലായെന്ന് വിലയിരുത്തുകയും ചെയ്തിരുന്നു. തുടർന്ന് ഇക്കാര്യം NIT കോഴിക്കോടിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അവർ സ്ഥലപരിശോധനയും മണ്ണ് പരിശോധനയും നടത്തുകയും, കൂടാതെ ടി പ്രവർത്തിയുടെ കൺസൾട്ടന്റ് ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹായവും ഇക്കാര്യത്തിൽ തേടിയിരുന്നു. ഈ രണ്ട് ഏജൻസികളും പ്രസ്തുത പ്രവർത്തിക്കായി വിഭാവനം ചെയ്ത രൂപരേഖ കാലാവസ്ഥാ വ്യതിയാനം മൂലം മാറി വരുന്ന മഴയുടെ സാഹചര്യം കണക്കിലെടുത്ത് മാറ്റം വരുത്തി കൂടുതൽ അനുയോജ്യമാക്കി ഡിസൈനിലും എസ്റ്റിമേറ്റിലും ആവശ്യമായ മാറ്റം വരുത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റും രൂപരേഖയും NIT കോഴിക്കോട് നൽകിയെങ്കിലും ആയത് പരിശോധിച്ചതിൽ മുൻ എസ്റ്റിമേറ്റ് തുകയെക്കാൾ നിലവിൽ ലഭിച്ചിരിക്കുന്ന എസ്റ്റിമേറ്റ് തുക ഇരട്ടിയോളം ആയതിനാൽ ചെലവ് ചുരുക്കി ഫലവത്തായ മറ്റൊരു ഡിസൈൻ നൽകണമെന്ന്കോഴിക്കോട് NITയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പ്രവർത്തിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന കാര്യത്തിൽ വ്യക്തത വരികയുള്ളു. |

സെക്ഷൻ ഓഫീസർ